ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:25.05.2025**

## പ്രധാനവാർത്തകൾ

1. ഓപ്പറേഷൻ സിന്ദൂർ' കേവലം സൈനിക ദൗത്യമല്ലെന്നും, ദൃഢനിശ്ചയത്തിന്റെയും ധൈര്യത്തിന്റെയും മാറുന്ന ഭാരതത്തിന്റെയും ചിത്രമാണെന്നും മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. നക്സൽ ബാധിത പ്രദേശങ്ങൾ വലിയ പരിവർത്തനത്തിന് സാക്ഷ്യം വഹിക്കുന്നതായും വികസനത്തിലും വിദ്യാഭ്യാസത്തിലും മുന്നേറുന്നതായും പ്രധാനമന്ത്രി.
3. അന്താരാഷ്ട്ര യോഗ ദിനവും സി.ബി.എസ്.ഇ.യുടെ **Sugar Board** സംരംഭവും ആരോഗ്യപൂർണ്ണമായ ഇന്ത്യ കെട്ടിപ്പടുക്കാനുള്ള മാധ്യമങ്ങളെന്ന് ശ്രീ മോദി.
4. സംസ്ഥാനത്ത് ഇന്നും അതിതീവ്ര മഴ തുടരും. മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർകോട് ജില്ലകളിൽ ചുവപ്പ് ജാഗ്രത; കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിത്തം വിലക്കി.
5. നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് ചൂടിലേക്ക്; വിജ്ഞാപനം നാളെ; ജൂൺ 19-ന് വോട്ടെടുപ്പ്; വോട്ടെണ്ണൽ 23ന്;
6. ഐപിഎല്ലിൽ ഇന്ന് ഗുജറാത്ത് - ചെന്നൈയെയും; ഹൈദരാബാദ് - കൊൽക്കത്തയെയും നേരിടും.

&&&&&&&&&&&&&&&&&&

PNU TVPM

## മൻ കീ ബാത്ത് - ഓപ്പറേഷൻ സിന്ദൂർ (ഇൻട്രോ)

ലോകമെമ്പാടുമുള്ള ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ 'ഓപ്പറേഷൻ സിന്ദൂർ' പുതിയ ആത്മവിശ്വാസം നൽകുന്നുവന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ 'മൻ കീ ബാത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ സിന്ദൂർ' കേവലമൊരു സൈനിക ദൗത്യമല്ലെന്നും, നമ്മുടെ ദൃഢനിശ്ചയത്തിന്റെയും ധൈര്യത്തിന്റെയും മാറുന്ന ഭാരതത്തിന്റെയും ചിത്രമാണെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ആയിരക്കണക്കിന് ആളുകൾ ത്രിവർണ്ണ പതാകയുമായി സൈന്യത്തിന് അഭിവാദ്യം അർപ്പിച്ചുവെന്നും ശ്രീ മോദി ചൂണ്ടിക്കാട്ടി. ഓപ്പറേഷൻ സിന്ദൂറിൽ ഭാരതത്തിൽ നിർമ്മിച്ച ആയുധങ്ങളുടെയും ഉപകരണങ്ങളുടെയും സാങ്കേതികവിദ്യയുടെയും ശക്തി പ്രകടമായി. ഇത് 'സ്വയംപര്യാപ്ത ഭാരതം' എന്ന രാജ്യത്തിന്റെ ദൃഢനിശ്ചയമാണ് പ്രതിഫലിപ്പിക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

RNU TVPM

**************************

## മൻ കി ബാത്ത് - മാവോയിസ്റ്റ് (ഇൻട്രോ)

നക്സൽ ബാധിത പ്രദേശങ്ങളിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന വലിയ പരിവർത്തനം പ്രധാനമന്ത്രി വിശദീകരിച്ചു. മാവോയിസ്റ്റ് ശക്തികേന്ദ്രമായിരുന്ന മഹാരാഷ്ട്രയിലെ ഗഡ്ചിരോളി ജില്ലയിൽ, കാട്ടേഝരി ഗ്രാമത്തിൽ ആദ്യമായി ബസ് സർവീസ് ആരംഭിച്ച കാര്യം പ്രധാനമന്ത്രി പരാമർശിച്ചു.

ഒരു റിപ്പോർട്ട്....

(വോയിസ്)

*ഗ്രാമത്തിൽ ആദ്യമായി ബസ് എത്തിയപ്പോൾ, ആളുകൾ താളമേളങ്ങളോടെയാണ് സ്വീകരിച്ചത്. മാവോയിസ്റ്റ് ശക്തികേന്ദ്രമായ ഗ്രാമത്തിൽ മുമ്പ് ബസ് ഓടാൻ അനുവദിച്ചിരുന്നില്ല. ഇപ്പോൾ സ്ഥിതിഗതികൾ സാധാരണ നിലയിലേക്ക് മടങ്ങുകയാണ്. എല്ലാ വെല്ലുവിളികൾക്കിടയിലും ജീവിതം മെച്ചപ്പെടുത്താനുള്ള പാതയാണ് ജനങ്ങൾ തിരഞ്ഞെടുക്കുക എന്നതിന് ഉദാഹരണമാണിത്. മറ്റൊരു നക്സൽ കേന്ദ്രമായിരുന്ന ദന്തേവാഡ ജില്ലയിൽ പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ പരീക്ഷകളിൽ മികച്ച വിജയമാണുണ്ടായത്. തൊണ്ണൂറ്റി അഞ്ച് ശതമാനം വിജയത്തോടെ പത്താം ക്ലാസ് ഫലങ്ങളിൽ ജില്ല, ഛത്തീസ്ഗഢിൽ ഒന്നാം സ്ഥാനത്തെത്തി. പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ ദന്തേവാഡ ആറാം സ്ഥാനം നേടി. ഛത്തീസ്ഗഢിൽ നടന്ന ബസ്തർ ഒളിമ്പിക്സിനെക്കുറിച്ചും മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിലെ സയൻസ് ലാബുകളെക്കുറിച്ചു പ്രധാനമന്ത്രി പരാമർശിച്ചു.*

*ന്യൂസ് ഡെസ്ക് ആകാശവാണി....*

RNU TVPM

**************************

## മൻ കി ബാത്ത് - ഷുഗർ ബോർഡ് (ഇൻട്രോ)

സി.ബി.എസ്.ഇ.യുടെ Sugar Board എന്ന സംരംഭത്തിലൂടെ കുട്ടികളെ പഞ്ചസാര ഉപഭോഗത്തെക്കുറിച്ച് ബോധവത്ക്കരിക്കുമെന്നു പ്രത്യാശിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. എത്ര അളവിൽ പഞ്ചസാര കഴിക്കണമെന്നു അറിയുന്നതിലൂടെ, കുട്ടിക്കാലം മുതൽ തന്നെ ആരോഗ്യകരമായ ജീവിതശൈലി സ്വായത്തമാക്കാൻ കുട്ടികൾ പ്രാപ്തരാകുമെന്നും ശ്രീ മോദി പറഞ്ഞു. ഓഫീസുകൾ, കാന്റീനുകൾ തുടങ്ങിയവ ഇത്തരം സംരംഭങ്ങൾ ഏറ്റെടുക്കണമെന്നും അദ്ദേഹം പറഞ്ഞു. ശക്തമായ

ഇന്ത്യയുടെ അടിത്തറയാണ് ഫിറ്റ് ഇന്ത്യയെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

*************************

**മൻ കി ബാത്ത് - സ്വച്ഛ് ഭാരത് (ഇൻട്രോ)**

വീടുകളിലും ഓഫീസുകളിലും പേപ്പർ വേർതിരിക്കുന്നതിലൂടെ പുനരുപയോഗത്തിനായി നാമോരുത്തരും പ്രയത്നിക്കേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇത്തരത്തിലുള്ള ചിന്തിയിലൂടെ മാത്രമേ വലിയ പരിവർത്തനം സാധ്യമാകൂയെന്ന് സ്വച്ഛ് ഭാരത് ദൗത്യം പരാമർശിക്കവേ അദ്ദേഹം വ്യക്തമാക്കി.

**വിശദാംശങ്ങളിലേക്ക്....**

(വോയിസ്)

*വീടുകളിലും ഓഫീസുകളിലും ദിവസവും ധാരാളം കടലാസ് മാലിന്യങ്ങൾ പുറന്തള്ളുന്നു. രാജ്യത്തെ മാലിന്യത്തിന്റെ നാലിലൊന്ന് ഭാഗവും കടലാസുമായി ബന്ധപ്പെട്ടതാണ്. ഇപ്പോൾ വിശാഖപട്ടണം, ഗുരുഗ്രാം തുടങ്ങിയ നഗരങ്ങളിൽ നിരവധി സ്റ്റാർട്ടപ്പുകൾ പേപ്പർ പുനരുപയോഗത്തിന് നൂതനമായ രീതികൾ സ്വീകരിക്കുന്നുണ്ട്. ഒരു ടൺ പേപ്പർ പുനരുപയോഗം ചെയ്യുന്നത് 17 മരങ്ങൾ മുറിക്കുന്നത് തടയുകയും ആയിരക്കണക്കിന് ലിറ്റർ വെള്ളം ലാഭിക്കുകയും ചെയ്യുന്നു. ദുഷ്കരമായ സാഹചര്യങ്ങളിൽപ്പോലും പർവതാരോഹകർ മാലിന്യം തിരികെ കൊണ്ടു വരുന്ന കാര്യം പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. മകാലു പർവതം കീഴടക്കാൻ പോയ ഐ.ടി.ബി.പി ടീം മല കയറുക മാത്രമല്ല, ശുചിത്വം എന്ന ദൗത്യം കൂടി ഏറ്റെടുത്തു. കൊടുമുടിക്ക് സമീപമുള്ള എല്ലാ*

RNU TVPM

*മാലിന്യവും അവർ നീക്കം ചെയ്തു. 150 കിലോയിലധികം മാലിന്യങ്ങൾ ടീം അംഗങ്ങൾ താഴ്‌വാരത്തിലെത്തിച്ചു.*

*ന്യൂസ് ഡെസ്ക് ആകാശവാണി....*

**************************

## മൻ കീ ബാത്ത് - യോഗ (ഇൻട്രോ)

യോഗയുമായി ബന്ധപ്പെട്ട ജീവിതരീതി പിന്തുടരണമെന്ന് പ്രധാനമന്ത്രി മൻ കീ ബാത്തിൽ ഓർമ്മിപ്പിച്ചു. 2015 ജൂൺ 21 ന് 'അന്താരാഷ്ട്രയോഗ ദിനം' ആരംഭിച്ചതു മുതൽ, ജനങ്ങൾക്ക് അതിനോടുള്ള അടുപ്പം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും ശ്രീ മോദി പറഞ്ഞു. യോഗ സംസ്കാരം വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആന്ധ്രാപ്രദേശ് സർക്കാർ, ആരംഭിച്ചിരിക്കുന്ന യോഗ ആന്ധ്ര പ്രചാരണത്തിന് കീഴിൽ, യോഗ ചെയ്യുന്ന 10 ലക്ഷം പേർക്കുള്ള ഒരു പൂൾ നിർമ്മിക്കുന്നുവെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. യോഗയുമായി ബന്ധപ്പെട്ടു യുവാക്കളും കോർപ്പറേറ്റുകളും സ്റ്റാർട്ടപ്പുകളും നടത്തുന്ന മുന്നേറ്റങ്ങളും അദ്ദേഹം പരാമർശിച്ചു.

(ഹോൾഡ് വോയിസ്)

**************************

## മൻ കി ബാത്ത് - സമാപനം

അടുത്ത അദ്ധ്യായത്തിൽ നമുക്ക് വീണ്ടും ഒത്തുചേരാമെന്ന് പറഞ്ഞു കൊണ്ടാണ് പ്രധാനമന്ത്രി 'മൻ കി ബാത്തി'ന്റെ 122 ആം പതിപ്പ് അവസാനിപ്പിച്ചത്. അപ്പോൾ പുതിയ വിഷയങ്ങളും നേട്ടങ്ങളും ചർച്ച ചെയ്യാമെന്നും അദ്ദേഹം പറഞ്ഞു.

**************************

RNU TVPM

## നിലമ്പൂർ-ഉപതിരഞ്ഞെടുപ്പ്

നിലമ്പൂർ നിയമസഭാ മണ്ഡലത്തിൽ ജൂൺ 19 ന് വോട്ടെടുപ്പ് നടക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ജൂൺ 2 ആണ് പത്രിക സമർപ്പിക്കാനുള്ള അവസാന തിയ്യതി. 3ന് സൂക്ഷ്മ പരിശോധന നടക്കും. പത്രിക പിൻവലിക്കാനുള്ള അവസാന തിയ്യതി ജൂൺ 5 ആണ്. വോട്ടെണ്ണൽ ജൂൺ 23ന് നടക്കും. മലപ്പുറം ജില്ലയിൽ മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നു.

**************************

## ഉപതിരഞ്ഞെടുപ്പ് പ്രതികരണം

നിലമ്പൂരിലേത് കേരളം കാത്തിരുന്ന ഉപതെരഞ്ഞെടുപ്പെന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. താഴെതലം മുതൽ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. സ്ഥാനാർത്ഥി നിർണ്ണയത്തിൽ, ഉചിതമായ സമയത്ത് ഉചിതമായ തീരുമാനം പാർട്ടി എടുക്കുമെന്ന് കെ പി സി സി വർക്കിംഗ് പ്രസിഡന്റ് ഷാഫി പറമ്പിൽ എംപി മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM

**************************

## മഴ

സംസ്ഥാനത്ത് ഇന്നും അതിതീവ്ര മഴ തുടരും. മലപ്പുറത്തും കോഴിക്കോടും വയനാടും കണ്ണൂരിലും കാസർകോടും ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. ഇന്നലെ രാത്രി പെയ്ത മഴയിൽ സംസ്ഥാനത്ത് പലയിടങ്ങളിലും വ്യാപക നാശനഷ്ടമുണ്ടായി. മരം വീണ് നെല്ലിയാമ്പതിയിൽ കുടുങ്ങിയ വിനോദസഞ്ചാരികളെ

സുരക്ഷിത കേന്ദ്രത്തിലേക്ക് മാറ്റി. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

**************************

**കോഴിക്കോട് - മഴ (ഇൻട്രോ)**

കോഴിക്കോട്, വയനാട് ജില്ലകളിൽ മലയോര മേഖലകളിൽ രാത്രിയിലും രാവിലെയും ശക്തമായ പെയ്തു. നിരവധി വീടുകൾ ഭാഗികമായി തകർന്നു.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....**

(വോയിസ്)

RIJU TVPM

**************************

**മഴ - ഡാം**

മഴ ശക്തിയാർജിച്ചതിനെ തുടർന്ന് ഇടുക്കി കല്ലാർകുട്ടി അണക്കെട്ടിന്റെ ഒരു ഷട്ടർ ഉയർത്തി. മുതിരപ്പുഴയുടെയും പെരിയാറിന്റെയും കരകളിൽ ഉള്ളവർ ജാഗ്രത പാലിക്കണം. ഇടുക്കി മലങ്കര ഡാമിലെ അഞ്ച് ഷട്ടറുകൾ ഉയർത്തി. തൊടുപുഴ, മൂവാറ്റുപുഴ നദികളുടെ തീരങ്ങളിലുള്ളവർ ജാഗ്രത പാലിക്കേണ്ടതാണ്. മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് 114 അടിയായി ഉയർന്നിട്ടുണ്ട്. ഇടുക്കി അണക്കെട്ടിൽ നിലവിൽ 2329 അടി വെള്ളമാണുള്ളത്.

**************************

**കണ്ണൂർ-എൻ എച്ച് 66**

നിർമ്മാണം പുരോഗമിക്കുന്ന ദേശീയപാത 66 ന്റെ ഭിത്തിയിൽ വിള്ളൽ രൂപപ്പെട്ടു. കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിന്

സമീപത്താണ് വിള്ളൽ രൂപപ്പെട്ടത് ഉയരത്തിലുള്ള ഭിത്തിയിൽ ആണ്  വിള്ളൽ ഉണ്ടായത്

**************************

## MSC എൽസ 3

കൊച്ചി തീരത്ത്, അറബി കടലിൽ ചരിഞ്ഞ MSC ELSA 3 എന്ന ചരക്ക് കപ്പലിലെ  ക്യാപ്റ്റൻ, ചീഫ് എൻജിനീയർ, സെക്കൻഡ് എൻജിനീയർ എന്നിവരെ നാവികസേനയുടെ ഐ എൻ എസ് സുജാത  രക്ഷപ്പെടുത്തി. ഇതോടെ കപ്പലിൽ ഉണ്ടായിരുന്ന 24 ജീവനക്കാരെയും രക്ഷപ്പെടുത്താനായതായി അറിയിച്ചു. അതേസമയം, കപ്പലിൽ നിന്നുള്ള എണ്ണ ചോർച്ച നിയന്ത്രിക്കുന്നതിനുള്ള നടപടികൾ കോസ്റ്റ് ഗാർഡ് കപ്പലായ ICG SAKSHAM ആരംഭിച്ചു.

**************************

## ഐപിഎൽ ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകുന്നേരം 3:30 ന് ഗുജറാത്ത് ടൈറ്റൻസ്, ചെന്നൈ സൂപ്പർ കിംഗ്സിനെയും രാത്രി 7:30 ന് സൺറൈസേഴ്സ് ഹൈദരാബാദ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെയും നേരിടും.

*

***************

*************************************

RNU TVPM